3391/
26/2/21

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

കൃഷി വകുപ്പ് – പാലക്കാട് മേലാർക്കോട് കൃഷി ഭവനിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തണമെന്ന ശ്രീമതി.സി.പങ്കജത്തിന്റെ ആവശ്യം -ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 05.11.2019 ലെ ഒ.എ (ഇ.കെ.എം).1876/19-ാം നമ്പർ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

കൃഷി (ഫാംസ്) വകുപ്പ്

സ.ഉ.(കൈ) നം.33/2021/കൃഷി തീയതി,തിരുവനന്തപുരം, 23/02/2021

പരാമർശം:- 1 ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 5.11.2019-ലെ ഒ.എ(ഇ.കെ.എം).1876/19-ാം നമ്പർ ഉത്തരവ്

2 മേലാർക്കോട് കൃഷി ഭവനിലെ പാർട്ട് ടൈം സ്വീപ്പർ ശ്രീമതി.സി. പങ്കജത്തിന്റെ 22/11/2019-ലെ നിവേദനം.

3 കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 10/08/2020, 08.02.2021 തീയതികളിലെ എസ്.എച്ച്.(3) 17545/2012 നമ്പർ കത്തുകൾ.

ഉത്തരവ്

പാലക്കാട് മേലാർക്കോട് കൃഷി ഭവനിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് പ്രസ്തുത തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിനായി ശ്രീമതി.സി.പങ്കജം ഫയൽ ചെയ്ത ഒ.എ(ഇ.കെ.എം).1876/19-ാം നമ്പർ കേസിന്മേൽ പരാമർശം (1) പ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിൽ പ്രസ്തുത ആവശ്യം സംബന്ധിച്ച പ്രൊപ്പോസൽ പാലക്കാട് പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖേന സർക്കാരിൽ സമർപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നു. അപ്രകാരം ശ്രീമതി.സി പങ്കജം സർക്കാരിൽ ലഭ്യമാക്കിയ പരാമർശം (2) നിവേദനത്തിന്മേൽ കാർഷിക വികസന കർഷക ക്ഷേമ ഡയറക്ടർ പാലക്കാട് മേലാർക്കോട് കൃഷി ഭവനിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കുന്നതിന് പാലക്കാട് പ്രിൻസിപ്പൽ കൃഷി ഓഫീസിൽ നിന്നും ലഭ്യമായ പ്രൊപ്പോസൽ, സ്വീപ്പിംഗ് ഏരിയ സർട്ടിഫിക്കറ്റ്, സ്കെച്ച്, പ്ലാൻ, കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പരാമർശം (3) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. കൃഷിഭവന്റെ നിലവിലെ സ്വീപ്പിംഗ് ഏരിയ 112.72 മീറ്റർ സ്ക്വയർ ആണെന്ന് പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

2. കൃഷിഭവൻ നിലവിലുള്ള കെട്ടിടത്തിൽ പ്രവർത്തിച്ചുതുടങ്ങിയത് 16.12.2009 മുതലാണ്. നിലവിലെ കാഷ്വൽ സ്വീപ്പർ ശ്രീമതി.പങ്കജം 01.02.2017- ൽ ആണ് പ്രസ്തുത ഓഫീസിൽ കാഷ്വൽ സ്വീപ്പറായി ജോലിയിൽ പ്രവേശിച്ചത്. മേലാർക്കോട് കൃഷി ഭവനിൽ ജോലി ആരംഭിച്ചതിനുശേഷവും 31/08/2018 വരെ ടിയാൾക്ക് നെല്ലിയാമ്പതി കൃഷി ഭവനിൽ നിന്നാണ് വേതനം നൽകി വന്നിരുന്നത്. 31/08/2018-ൽ നെല്ലിയാമ്പതി കൃഷി ഓഫീസർ ടിയാളെ

ഔദ്യോഗികമായി വിടുതൽ ചെയ്യുകയും 01/09/2018 മുതൽ മേലാർക്കോട് കൃഷി ഭവനിൽ പാർട്ട് ടൈം കാഷ്വൽ സ്വീപ്പർ ആയി ജോലിയിൽ പ്രവേശിക്കാൻ നിർദ്ദേശിക്കുകയായിരുന്നു.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് മേലാർക്കോട് കൃഷി ഭവനിൽ 8200-13340/- ശമ്പള സ്കെയിലിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് നിലവിലെ കാഷ്വൽ സ്വീപ്പർ ശ്രീമതി.സി.പങ്കജത്തെ പ്രസ്തുത തസ്തികയിൽ 01/02/2017 പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി ഉത്തരവാകുന്നു.

4.ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (1) ഉത്തരവ് അപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ് സാബിർ ഹുസൈൻ**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ്-
1.അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)
2.ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം
3.പ്രിൻസിപ്പൽ കൃഷി ഓഫീസർ, പാലക്കാട്.
4.കൃഷി ഓഫീസർ, മേലാർക്കോട്, പാലക്കാട്.
5.ശ്രീമതി.സി.പങ്കജം, കാഷ്വൽ സ്വീപ്പർ, കൃഷി ഭവൻ, മേലാർക്കോട്, പാലക്കാട്.
6.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ & ഇ),
കേരള, തിരുവനന്തപുരം.
7.പൊതുഭരണ(എസ്.സി) വകുപ്പ്(ഇനം.നമ്പർ.4731 പ്രകാരം)
8.ധനകാര്യ വകുപ്പ്(1571603/EXP-C2/46/2020-FIN തീയതി 08/10/2020 പ്രകാരം)
9.വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി. വകുപ്പ്
10.സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by JUSTIN JOY J
Date: 2021.02.2[illegible] [illegible]:38:00 IST
Reason: Approved
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

തീയതി : 17-02-2021

ഫയൽ നം. കൃഷി- എ.എഫ്.3/441/2019- കൃഷി. ഇനം നം: 4731

വിഷയം : കൃഷി വകുപ്പ് - പാലക്കാട് മേലാർക്കോട് കൃഷി ഭവനിൽ പാർട്ട്ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തുന്നതിനായി ശ്രീമതി. സി. പങ്കജം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) No. 1876/19- മേലുള്ള 05.11.2019- ലെ വിധിന്യായം നടപ്പിലാക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

സെക്രട്ടറി, കൃഷി വകുപ്പ്.

**കേരള സർക്കാർ**
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | കൃഷി-എഎഫ് 3/441/2019-കൃഷി |
| 2 | വകുപ്പ് | കൃഷി(ഫാംസ്)വകുപ്പ് |
| 3 | വിഷയം | പാലക്കാട് മേലാർക്കോട് കൃഷി ഭവനിൽ പാർട്ട്ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തുന്നതിനായി ശ്രീമതി.സി പങ്കജം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) No.1876/19 മേലുള്ള 5.11.2019-ലെ വിധിന്യായം നടപ്പിലാക്കുന്നത്- സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 28/10/2020 |
| 5 | i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? | അതെ |
| | ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഇല്ല. |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ.സാബിർ ഹുസൈൻ.എസ്. |
| 8 | കുറിപ്പ് സമർപ്പിച്ച സെക്രട്ടറിയുടെ പേര് | ഡോ.രത്തൻ ഖേൽക്കർ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 12.02.2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 13.02.2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | അഡ്വ.വി.എസ്.സുനിൽ കുമാർ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 14.02.2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 14.02.2021 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രി സഭാ യോഗത്തിനുള്ള കുറിപ്പ്

1) പാലക്കാട് മേലാർക്കോട് കൃഷി ഭവനിൽ പാർട്ട്ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് പ്രസ്തുത തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിനായി ശ്രീമതി.സി.പങ്കജം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) No.1876/19-ാം നമ്പർ കേസിന്മേൽ 5.11.2019-ൽ പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പ്.

2) ഉത്തരവിന്റെ പ്രസക്തഭാഗം താഴെ ചേർക്കുന്നു.

"The Original Application is disposed of with the following directions: -

There will be a direction to the second respondent to forward the application for regularisation of the applicant along with the documents forwarded by the Principal Agricultural Officer, Palakkad to the first respondent, if not already forwarded, within a period of three weeks from the date of production of a certified copy of this order.

The first respondent will take a decision on the proposal along with the request of the applicant, as expeditiously as possible, at any rate, within a further period of three months thereafter."

3) മേൽ ഉത്തരവ് സഹിതം ശ്രീമതി.സി പങ്കജം സർക്കാരിൽ ലഭ്യമാക്കിയ അപേക്ഷയിന്മേൽ കാർഷിക വികസന കർഷക ക്ഷേമ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ, പാലക്കാട് മേലാർക്കോട് കൃഷി ഭവനിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കുന്നതിന് പാലക്കാട് പ്രിൻസിപ്പൽ കൃഷി ഓഫീസിൽ നിന്നും ലഭ്യമായ പ്രൊപ്പോസൽ, സ്വീപ്പിംഗ് ഏരിയ സർട്ടിഫിക്കറ്റ്,

സ്കെച്ച്, പ്ലാൻ, കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റ് എന്നിവയും ഡയറക്ടർ സമർപ്പിച്ചിരുന്നു. ടിയാളെ സ്ഥിരപ്പെടുത്തുന്ന വിഷയത്തിൽ സർക്കാർ തലത്തിൽ തുടർനടപടികൾ സ്വീകരിക്കണമെന്നും കൃഷി ഡയറക്ടർ ശുപാർശ ചെയ്തിരുന്നു. കൃഷിഭവന്റെ നിലവിലെ സ്വീപ്പിംഗ് ഏരിയ 112.72 മീറ്റർ സ്ക്വയർ ആണെന്ന് പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

4) 25-11-2005 ലെ സഉ(പി)നം.501/2005/ഫിൻ നമ്പർ ഉത്തരവ് പ്രകാരം, ഉത്തരവ് തീയതിയിൽ 100 ചതുരശ്ര മീറ്ററിൽ കൂടുതൽ സ്വീപ്പിംഗ് ഏരിയയുള്ള സർക്കാർ സ്ഥാപനങ്ങളിൽ 25-11-2005-നോ അതിനുമുമ്പോ നിയമിക്കപ്പെട്ട് ജോലിയിൽ തുടരുന്ന സ്വീപ്പർമാരെ സ്ഥിരപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്യുന്നു. ഈ കേസിൽ കൃഷി ഭവന്റെ നിലവിലെ സ്വീപ്പിംഗ് ഏരിയ 112.72 മീറ്റർ സ്ക്വയർ ആണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും കൃഷിഭവൻ നിലവിലുള്ള കെട്ടിടത്തിൽ പ്രവർത്തിച്ചുതുടങ്ങിയത് 16.12.2009 മുതലാണ്. നിലവിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി.പങ്കജം 01.02.2017 മുതലാണ് പ്രസ്തുത ഓഫീസിൽ കാഷ്വൽ സ്വീപ്പറായി ജോലി ആരംഭിച്ചത്. അതിനാൽ നിലവിലെ ഉത്തരവുകൾ പ്രകാരം ഈ അപേക്ഷ പരിഗണനാർഹമല്ല. അതേ സമയം ടിയാൾ 16.9.1989 മുതൽ നെല്ലിയാമ്പതി കൃഷി ഭവനിൽ കാഷ്വൽ സ്വീപ്പറായി സേവനമനുഷ്ഠിക്കുകയും പ്രസ്തുത ഓഫീസ് മാറ്റത്തിന്റെ ഭാഗമായി 1.6.2012 മുതൽ 31.06.2014 വരെ പാർട്ട് ടൈം സ്വീപ്പർ ആയി ഒരേ സമയം നെല്ലിയാമ്പതി കൃഷി ഭവനിലും നെല്ലിയാമ്പതി കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിലുമായി സ്വീപ്പിംഗ് ജോലി തുടരുകയും തുടർന്ന് 1/7/2014 മുതൽ 31.01.2017 വരെ എലവഞ്ചേരി കൃഷി ഭവനിലും 1/2/2017 മുതൽ നിലവിൽ

മേലാർക്കോട് കൃഷി ഭവനിലും എന്ന രീതിയിൽ 16.9.1989 മുതൽ തുടർച്ചയായി 30 വർഷമായി സ്വീപ്പിംഗ് ജോലി ചെയ്തുവരികയാണ് എന്നത് പരിഗണിച്ചാണ് ബഹു.കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. മേലാർക്കോട് കൃഷി ഭവനിൽ ജോലി ആരംഭിച്ചതിനുശേഷവും 31/08/2018 വരെ ടിയാൾക്ക് നെല്ലിയാമ്പതി കൃഷി ഭവനിൽ നിന്നാണ് വേതനം നൽകി വന്നിരുന്നത്. 31/08/2018-ൽ നെല്ലിയാമ്പതി കൃഷി ഓഫീസർ ടിയാളെ ഔദ്യോഗികമായി വിടുതൽ ചെയ്യുകയും 01/09/2018 മുതൽ മേലാർക്കോട് കൃഷി ഭവനിൽ പാർട്ട് ടൈം കാഷ്വൽ സ്വീപ്പർ ആയി ജോലിയിൽ പ്രവേശിക്കാൻ നിർദ്ദേശിക്കുകയുമാണുണ്ടായത്.

5) ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

*""ഭ..വ. Note # 20 പ്രകാരം 25.11.2005 ലെ സ . ഉ .( പി ) നം .501/2005/ ധന. 09.02.2010 ലെ സ . ഉ .( പി ) നം .61/2010/ ധന. 05.03.2016 ലെ സർക്കുലർ നം.19/2016/ധന എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാലക്കാട് മേലാർക്കോട് കൃഷി ഭവനിൽ പാർട്ട്ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് നിലവിൽ കാഷ്വൽ സ്വീപ്പറായി സേവനമനുഷ്ഠിക്കുന്ന ശ്രീമതി.പങ്കജം.സി-യെ സ്ഥിരപ്പെടുത്തുന്നതു സംബന്ധിച്ച ആവശ്യം പരിഗണിക്കാൻ നിർവ്വാഹമില്ലെന്ന വിവരം കൃഷി ഡയറക്ടർ, പരാതിക്കാരൻ എന്നിവരെ അറിയിക്കാവുന്നതാണെന്നും അപ്രകാരം ട്രൈബ്യൂണൽ ഉത്തരവ് നടപ്പാക്കാവുന്നതാണെന്നും ഭരണവകുപ്പ് തന്നെ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ ടി അഭിപ്രായത്തോട് ധനവകുപ്പ് യോജിക്കുന്നതായി ഭരണവകുപ്പിനെ അറിയിക്കുന്നു."*

6) GO(Ms)No.196/2010/AD തീയതി 29/07/2010 സർക്കാർ ഉത്തരവ് പ്രകാരം മേലാർക്കോട് കൃഷി ഭവനിൽ ഒരു പാർട്ട്ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് കാഷ്വൽ സ്വീപ്പറായിരുന്ന ശ്രീ.എം.മഹേഷിനെ പ്രസ്തുത തസ്തികയിൽ സ്ഥിരപ്പെടുത്തിയിരുന്നു. ടിയാൻ സ്ഥാനക്കയറ്റം നേടി സ്ഥലംമാറിപ്പോയതുമൂലം ഒഴിവുണ്ടായതിനാൽ പ്രസ്തുത ഓഫീസിൽ 01/02/2017 മുതൽ പാർട്ട്ടൈം ആയി സ്വീപ്പിംഗ് ജോലി ചെയ്യുവാൻ ശ്രീമതി.സി. പങ്കജത്തോട് നിർദ്ദേശിച്ചതായി OA(EKM) No.1876/19-ാം നമ്പർ കേസിന്മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 5.11.2019-ലെ വിധിന്യായത്തിലും സൂചിപ്പിച്ചിരിക്കുന്നു. ധനകാര്യവകുപ്പിന്റെ 22/02/2001-ലെ GO(P)No.1208/2001/Fin നമ്പർ സർക്കാർ ഉത്തരവിൽ. ഒരു വർഷത്തിൽ കൂടുതൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ സ്വമേധയാ റദ്ദാകുന്നതാണെന്നും ആയതിൽ മാറ്റം വരുത്തുവാൻ മന്ത്രിസഭയ്ക്ക് മാത്രമേ അധികാരമുള്ളുവെന്നും നിഷ്കർഷിച്ചിരിക്കുന്നു. 09/02/2010-ലെ GO(P)No.61/2010/Fin ഉത്തരവിലെ ഖണ്ഡിക(iv)-ൽ, നിലവിലുള്ള തസ്തികകളിൽ ഏതെങ്കിലും തരത്തിൽ നിയമിക്കപ്പെടുന്ന സ്വീപ്പർമാർ സ്ഥിരപ്പെടുത്തലിന് യോഗ്യരാണെന്നും. എന്നാൽ പ്രസ്തുത നിയമനം 25/11/2005-നോ അതിനുമുമ്പോ ആയിരിക്കണമെന്നും, അത്തരത്തിൽ നിയമിക്കപ്പെടുന്ന സ്വീപ്പർമാർ വിരമിക്കുമ്പോഴുണ്ടാകുന്ന ഒഴിവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മാത്രമേ നടത്താവൂ എന്നും വ്യവസ്ഥ ചെയ്യുന്നു.

7) ഫയൽ ഉത്തരവിനായി ബഹു.കൃഷി വകുപ്പ് മന്ത്രിക്ക് സമർപ്പിച്ചപ്പോൾ ബഹു.കൃഷി മന്ത്രി താഴെപ്പറയുന്ന നിർദ്ദേശത്തോടെ ഫയൽ ബഹു.മുഖ്യമന്ത്രിക്ക്

സമർപ്പിക്കുകയുണ്ടായി.

"ശ്രീമതി . സി . പങ്കജം പാർട്ട്ടൈം സ്വീപ്പർ തസ്തികയിൽ നെല്ലിയാമ്പതി കൃഷി ഭവനിൽ 16.09.1989 മുതൽ 31.05.2012 വരെയും നെന്മാറ കൃഷിഭവനിൽ 01.06.2012 മുതൽ 31.06.2014 വരെയും എലവഞ്ചേരി കൃഷിഭവനിൽ 01.07.2014 മുതൽ 01.01.2017 വരെയും തുടർന്ന് 01.02.2017 മുതൽ മേലാർക്കോട് കൃഷിഭവനിലും തുടർച്ചയായി കാഷ്വൽ സ്വീപ്പർ തസ്തികയിൽ തുടർന്ന് വരുന്നു . ശ്രീമതി . സി . പങ്കജം 1989 മുതൽ നാളിതുവരെ ജോലി ചെയ്തിട്ടുള്ള എല്ലാ ഓഫീസുകളിലും പാർട്ട്ടൈം തസ്തിക സൃഷ്ടിക്കുന്നതിന് ആവശ്യമായ വിസ്തീർണ്ണം നിലവിലുണ്ട് . കാഷ്വൽ സ്വീപ്പർ തസ്തികയിൽ 30 വർഷത്തിലധികമായി തുടർച്ചയായി തുച്ഛമായ വേതനത്തിൽ സേവനം അനുഷ്ഠിച്ചു വരുന്നതിനാൽ ധനകാര്യവകുപ്പിന്റെ എതിർപ്പിനെ മറികടന്നുകൊണ്ട് ബഹു.ട്രിബ്യൂണലിന്റെ വിധിന്യായം കണക്കിലെടുത്ത് ശ്രീമതി.സി.പങ്കജം നിലവിൽ കാഷ്വൽ സ്വീപ്പറായി ജോലി നോക്കി വരുന്ന പാലക്കാട് ജില്ലയിലെ മേലാർക്കോട് കൃഷിഭവനിൽ ഒരു കാഷ്വൽ സ്വീപ്പർ തസ്തിക സൃഷ്ടിച്ച് സ്ഥിരം നിയമനം നൽകാവുന്നതാണ്. ബഹു . മുഖ്യമന്ത്രി സദയം കണ്ടാലും ."

8) ബഹു.മുഖ്യമന്ത്രി ഇക്കാര്യം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഉത്തരവായി.

9) മന്ത്രിസഭാ യോഗത്തിനുള്ള കരട് കുറിപ്പുകൾ അംഗീകാരത്തിനായി സമർപ്പിച്ചപ്പോൾ, മേലാർകോട് കൃഷി ഭവനിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് പ്രസ്തുത തസ്തികയിൽ ശ്രീമതി.പങ്കജത്തെ സ്ഥിരപ്പെടുത്തുന്നതിന് വേണ്ടിവരുന്ന അധിക വാർഷിക സാമ്പത്തിക

ബാധ്യത, സ്ഥിരപ്പെടുത്തലിന് പ്രാബല്യം നൽകേണ്ട തീയതി എന്നീ വിവരങ്ങൾ സഹിതം സമർപ്പിക്കാൻ ചീഫ് സെക്രട്ടറി ഉത്തരവിട്ടിരുന്നു. 01.02.2017 മുതൽ 31.01.2021 വരെ ശമ്പളം, ക്ഷാമബത്ത എന്നീ ഇനത്തിൽ കുടിശ്ശിക തുക 1,95,174/-(ഒരു ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തി നൂറ്റി എഴുപത്തിനാല് രൂപ മാത്രം) വേണ്ടി വരുമെന്നും, ശ്രീമതി.പങ്കജം.സി മേലാർകോട് കൃഷി ഭവനിൽ കാഷ്വൽ സ്വീപ്പറായി ജോലിയിൽ പ്രവേശിച്ച തീയതിയായ 1/2/2017 മുതൽ പ്രാബല്യത്തോടെ സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണിക്കാമെന്നും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ശ്രീമതി.പങ്കജം.സി-യെ സ്ഥിരപ്പെടുത്തേണ്ടുന്ന തസ്തികയുടെ ശമ്പളനിരക്ക് 8200-13340 ആണെന്നതിനാൽ വാർഷിക ശമ്പളയിനത്തിൽ 98400/- രൂപയുടെ അധികബാധ്യതയും ഉണ്ടാകുന്നതാണ്.

## തീരുമാനിക്കേണ്ട വിഷയം

ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്നുകൊണ്ട് പാലക്കാട് മേലാർക്കോട് കൃഷി ഭവനിൽ 8200-13340 ശമ്പള സ്കെയിലിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് നിലവിലെ കാഷ്വൽ സ്വീപ്പർ ശ്രീമതി.സി.പങ്കജത്തെ പ്രസ്തുത തസ്തികയിൽ 01/02/2017 പ്രാബല്യത്തിൽ സ്ഥിരപ്പെടുത്താവുന്നതാണോ?